# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 3171 — 20/06/2014-ൽ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച വരുന്ന വിവിധ കോർപ്പറേഷനുകളിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപ ലാഭം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; ഓരോ കോർപ്പറേഷന്റേയും വിവരം പ്രത്യേകം ലഭ്യമാക്കാമോ; | എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2013-14 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ കണക്കുകൾ പ്രകാരം 75.41 ലക്ഷം രൂപ ലാഭം നേടിയിട്ടുണ്ട്.<br>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ 2013-14 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പൂർത്തീകരിച്ചിട്ടില്ല.<br>കേരള ആഗ്രോ മെഷീനറി കോർപ്പറേഷനിലെ 2013-14 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പൂർത്തീകരണത്തിന്റെയും ആഡിറ്റിന്റെയും അന്തിമഘട്ടത്തിലാണ്. ടി വർഷത്തിൽ ഉദ്ദേശം 670 ലക്ഷം രൂപയുടെ മൊത്തലാഭം പ്രതീക്ഷിക്കുന്നു.<br>സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ 2013-14 വർഷത്തിൽ 9.3 കോടി രൂപ ലാഭം നേടിയിട്ടുണ്ട്.<br>ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡിൽ 2013-14 സാമ്പത്തിക വർഷത്തെ കണക്കുകൾ ഓഡിറ്റിംഗ് പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത സാമ്പത്തിക വർഷം 1 കോടിയിൽ പരം രൂപ ലാഭം പ്രതീക്ഷിക്കുന്നു.<br>പ്ലാന്റേഷൻ കോർപ്പറേഷൻ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. ഈ സ്ഥാപനത്തിലെ 2013-14 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ പൂർത്തീകരിച്ചിട്ടില്ല.<br>ഹോർട്ടികോർപ്പിലെ 2013-14 സാമ്പത്തിക വർഷത്തിലെ പ്രൊവിഷണൽ കണക്ക് പ്രകാരമുള്ള ലാഭം 96 ലക്ഷം രൂപയാണ്. |
| ബി) ഏതെങ്കിലും കോർപ്പറേഷൻ നഷ്ടം ഉണ്ടാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ബി) കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്.<br>2012-13 ലെ പ്രൊവിഷണൽ ബാലൻസ് ഷീറ്റ് പ്രകാരം കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ നഷ്ടം 3,28,59,833 രൂപയാണ്. സഞ്ചിത നഷ്ടം 25.55 കോടി രൂപയാണ്.<br>2013-14-ലെ പ്രൊവിഷണൽ ബാലൻസ് ഷീറ്റ് പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ